സാധനങ്ങൾ സപ്ലൈ ചെയ്യാമെന്ന് സമ്മതിക്കുകയും ചെയ്ത ടെണ്ടറുകൾക്ക് വ്യവസ്ഥപ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് അടച്ച് നിശ്ചിതസമയത്തിനുള്ളിൽ എഗ്രിമെന്റ് വയ്ക്കണം. അതിനുവിധേയമായി ടെണ്ടർ അംഗീകരിക്കുന്നു.

(ബി) കഴിഞ്ഞ വർഷം കോർപ്പറേഷന് ചിക്ബോക്സുകൾ നൽകിയിരുന്നത് പൊൻമുടി പാക്ക് ആർട്സ് പ്രൈവറ്റ് ലിമിറ്റഡ്, വേളി, തിരുവനന്തപുരം-21 എന്ന സ്ഥാപനമാണ്.

(സി) മുൻപ് ചിക്ബോക്സ് നൽകിയിരുന്ന സ്ഥാപനത്തെ ഇപ്പോഴത്തെ ടെണ്ടറിൽനിന്നും ഒഴിവാക്കിയിട്ടില്ല. എന്നാൽ മുകളിൽ പറഞ്ഞ രീതിയിൽ ടെണ്ടർ വ്യവസ്ഥകൾ പാലിക്കാത്തതിനാൽ ടി സ്ഥാപനം നൽകിയ ടെണ്ടർ നിരസിക്കപ്പെട്ടു. ടെണ്ടർ നിരസിക്കുവാനുണ്ടായ കാരണങ്ങൾ താഴെപ്പറയുന്നവയാണ്.

1) ടെണ്ടറിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം നിരതദ്രവ്യമായ 4500 രൂപ ടെണ്ടറിനോടൊപ്പം നൽകിയിരുന്നില്ല.

2) ടെണ്ടറിൽ പറഞ്ഞിരുന്ന പ്രകാരം 50 രൂപ മുദ്രപത്രത്തിൽ ഒരു നിശ്ചിത എഗ്രിമെന്റ് ടെണ്ടറിനോടൊപ്പം നൽകിയിരുന്നില്ല.

3) ടെണ്ടറിൽ പറഞ്ഞിരുന്ന പ്രകാരം ടെണ്ടർ ചെയ്ത സാധനത്തിന്റെ സാമ്പിൾ ടെണ്ടറിനോടൊപ്പം നൽകിയിരുന്നില്ല.

4) ടെണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്ന റേറ്റ് ചിക്ബോക്സ് ഒന്നിന് 14 രൂപ 95 പൈസ ഏറ്റവും കുറഞ്ഞ റേറ്റിനേക്കാൾ കൂടുതലായിരുന്നു.

(ഡി)&(ഇ) ഇതുമായി ബന്ധപ്പെട്ട് പൊൻമുടി 'പായ്ക്ക് ആർട്സ്' പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നും പരാതി ലഭിച്ചിരുന്നു. അത് പരിശോധിച്ചതിൽ നിന്നും പരാതി അടിസ്ഥാനരഹിതമാണെന്ന് കാണുകയുണ്ടായി.

126 (1486) മൃഗഡോക്ടർമാരുടെ ഒഴിവുകൾ

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗാശുപത്രികൾ, ഡിസ്പെൻസറികൾ, പോളിക്ലിനിക്കുകൾ എന്നിവ എത്ര വീതമുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങളിൽ എല്ലാംകൂടി എത്ര ഡോക്ടർമാരുടെ തസ്തിക അംഗീകരിച്ചിട്ടുണ്ട്;

(സി) ഇതിൽ എത്രപേർ ഇപ്പോൾ സർവ്വീസിൽ ഉണ്ട് എന്നും എത്ര തസ്തിക ഒഴിഞ്ഞുകിടക്കുന്നുവെന്നും പ്രൊവിഷണൽ ആയി നിയമനം ലഭിച്ചവർ എത്രയെന്നും വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ വെറ്ററിനറി ആശുപത്രികളിൽ എല്ലാംകൂടി ഇപ്പോൾ വെറ്ററിനറി ഡോക്ടർമാരുടെ എത്ര തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്; ഇത് പി.എസ്.സി.ക്ക് റിപ്പോർട്ടുചെയ്തിട്ടുണ്ടോ; എത്ര തസ്തികയാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(ഇ) ഒഴിവുള്ള തസ്തികകളിൽ പ്രൊവിഷണൽ ആയി നിയമനം നടത്തുവാൻ എന്തെങ്കിലും തടസ്സം ഉണ്ടോ; ഉണ്ടെങ്കിൽ എന്താണ് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് 215 മൃഗാശുപത്രികളും 829 ഡിസ്പെൻസറികളും 51 വെറ്ററിനറി പോളിക്ലിനിക്കുകളുമുണ്ട്.

(ബി) 1095 തസ്തികകൾ അംഗീകരിച്ചിട്ടുണ്ട്.

(സി) സർവ്വീസിലുള്ളവർ - 886

ഒഴിവുകൾ - 278

പ്രൊവിഷണൽ ആയി നിയമനം ലഭിച്ചവർ - 163

(ഡി) നിലവിൽ വെറ്ററിനറി ഡോക്ടർമാരുടെ 278 തസ്തിക ഒഴിവുണ്ട്. അത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) ഇപ്പോൾ തടസ്സമില്ല.

127 (1487) ഐ.എ.എച്ച്. ആന്റ് വി.ബി. പാലോട്

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഐ.എ.എച്ച്. ആന്റ് വി.ബി. പാലോട് എന്ന സ്ഥാപനം യു.പി.യിലെ ഐ.വി.ആർ.ഐ. മാതൃകയിൽ ഒരു സ്വയംഭരണ സ്ഥാപനമായി ഉയർത്തുന്നതിനുവേണ്ടിയുള്ള നടപടിക്രമം ഏതു ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഐ.എ.എച്ച്. ആന്റ് വി.ബി. ഒരു സ്വയംഭരണ സ്ഥാപനമായി പ്രവർത്തനം ആരംഭിക്കാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഐ.എ.എച്ച്. ആന്റ് വി.ബി. പാലോട് ഒരു സ്വയംഭരണ സ്ഥാപനമാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

128 (1488) തിരുവനന്തപുരം സ്വീവേജ് ഫാമിലെ പുല്ലുൽപ്പാദനം

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയറി ഡെവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്വീവേജ് ഫാമിൽ പ്രതിദിനം എന്തളവിൽ പുല്ല് ഉൽപ്പാദിപ്പിക്കുന്നുണ്ട്;

(ബി) ഇവിടെനിന്നും ലോക്കൽ സെയിൽസ് എന്നുമുതലാണ് നിർത്തലാക്കിയത്; ഇതിനുള്ള കാരണം വിശദമാക്കുമോ;

(സി) ലോക്കൽ സെയിൽസ് പുനഃസ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രതിദിനം 20 മെട്രിക് ടൺ പച്ചപ്പുല്ല് ഉൽപ്പാദിപ്പിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly